# കേരളസർവകലാശാല

നം.പി.ആർ.216/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2021
### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2021-22 അദ്ധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി.

ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും ഒക്ടോബർ 27-ാം തീയതി 5 മണിവരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യ ങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

ട്രയൽ അലോട്ട്മെന്റിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ), നാലാം വർഷ ബി.എഫ്.എ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ബി.എഫ്.എ. പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും, എം. എഫ്.എ. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ഒക്ടോബർ 18 മുതൽ 22 വരെ നടത്താനിരുന്നതും മാറ്റിവച്ചതു മായ പരീക്ഷകൾ ഒക്ടോബർ 26 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ - പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2021 മേയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർസയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകളുടെ പുതു ക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഒക്ടോബർ 20, 21, 22 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. – സി.ആർ. ബി.കോം. കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഒക്ടോബർ 27, 28, 29 തീയതികളിൽ നടത്തുന്നതാണ്.

## <u>പ്രാക്ടിക്കൽ</u>

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. ഫെബ്രുവരി 2021 (2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 13607 – മൈക്രോപ്രൊസസർ ലാബ്, 13608 – സോഫ്റ്റ്വെയർ ലാബ്, 13609 – സിസ്റ്റംസ് ആന്റ് കൺട്രോൾ ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഒക്ടോബർ 27, 26, 25 തീയതികളിൽ കൊല്ലം ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും, മെക്കനിക്കൽ സ്ട്രീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 13608 – ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ലാബിന്റെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 25 ന് പാപ്പനംകോട് എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>സ്പെഷ്യൽ പരീക്ഷ</u>

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. ഡിഗ്രി സ്പെഷ്യൽ പരീക്ഷ നവംബർ 1 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>വൈവാ വോസി</u>

കേരളസർവകലാശാല ഒക്ടോബർ 23 ന് കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് സോഷ്യൽവർക്ക് (ബി.എസ്.ഡബ്ല്യൂ. – 315) പ്രോഗ്രാമിന്റെ വൈവാ വോസി പരീക്ഷ ഒക്ടോബർ 25 ലെ ബാച്ചിനൊപ്പം നടത്തുന്നതാണ്.

## <u>പരീക്ഷാഫീസ്</u>

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 30 വരെയും 150 രൂപ പിഴയോടെ നവംബർ 3 വരെയും 400 രൂപ പിഴയോടെ നവംബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബർ 1 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്സി., ബി.കോം. ഡിഗ്രി (റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018 & 2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ 29 വരെയും 150 രൂപ പിഴയോടെ നവംബർ 2 വരെയും 400 രൂപ പിഴയോടെ നവംബർ 5 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഡിസംബർ 1 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം., ബി.പി.എ., ബി.വോക്., ബി.ബി.എ., ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ. സി.ബി.സി.എസ്.എസ്. (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ 29 വരെയും 150 രൂപ പിഴയോടെ നവംബർ 2 വരെയും 400 രൂപ പിഴയോടെ നവംബർ 5 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

# മെറിറ്റ് സ്കോളർഷിപ്പ് 2020 – 21 അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ 2020 – 21 വർഷയത്തെ സർവകലാശാല മെറിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, അഫിലിയേറ്റഡ് കോളേജുകൾ (ഓട്ടോണമസ് കോളേജുകൾ ഒഴികെ) കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ 2020 – 21 വർഷം വിവിധ ബിരുദ/ബിരുദാനന്തരബിരുദ കോഴ്സുകൾക്കും (ബി.എ./ബി.എസ്‌സി./ബി.കോം./ബി.ബി.എ./ബി.ടെക്./എൽ.എൽ.ബി./എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യു./എം.സി.ജെ./എം.ബി.എ./എം.എഡ്./എൽ.എൽ.എം./എം.എ.ജർമൻ/എം.എ.റഷ്യൻ/എം.ടെക്.) പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷയും, യോഗ്യതാ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭിക്കേണ്ട അവസാന തീയതി നവംബർ 30. വിശദവിവരങ്ങൾക്ക് (അപേക്ഷഫോം, സർവകലാശാല മെറിറ്റ് സ്കോളർഷിപ്പിനുള്ള നിയമാവലി) സർവകലാശാലയുടെ വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം,
23.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**